## മത്സ്യവിത്ത് നിക്ഷേപവും പരിപാലനവും

- 5-9 സെന്റീമീറ്റർ വലിപ്പമുള്ള കരിമീൻ കുഞ്ഞുങ്ങളെ ഒരു സെന്റിന് 30-40 എണ്ണം എന്ന തോതിൽ പൊരുത്ത പ്പെടീക്കലിന് വിധേയമാക്കിയശേഷം സംഭരിക്കാം.
- കപ്പലണ്ടിപിണ്ണാക്കോ തവിടുമിശ്രിതമോ,കൃത്രിമാഹാരമോ, സംഭരിച്ചിട്ടുള്ള മത്സ്യകുഞ്ഞുങ്ങളുടെ തൂക്കത്തിന്റെ 2-3% എന്ന തോതിൽ ദിവസേന നൽകണം.
- പി.എച്ച് കുറയുകയാണെങ്കിൽ 250 കി.ഗ്രാം/ഹെക്ടർ എന്ന നിരക്കിൽ അഗ്രിലൈം ബണ്ടിലേക്ക് നിക്ഷേപിക്കാ വുന്നതാണ്.
- വളങ്ങൾ, തീറ്റ എന്നിവയുടെ അവശിഷ്ടങ്ങളും മത്സ്യങ്ങളു ടെ വിസർജ്ജ്യ വസ്തുക്കളുമൊക്കെ നീക്കം ചെയ്യാൻ വെള്ളം ഇടയ്ക്കിടെ ഇറക്കിവിട്ട് നിറക്കുക.
- വളർച്ചപരിശോധിച്ച് തീറ്റയുടെ തോത് പുനർനിർണ്ണയിച്ച് വേണ്ടതോതിൽ ലഭ്യമാക്കേണ്ടതാണ്.

## തീറ്റക്രമീകരണം

| ശരാശരി തൂക്കം (ഗ്രാം ABW) | പ്രോട്ടീന്റെ അളവ് (%) | തീറ്റയുടെ വലുപ്പം (mm) | മത്സ്യത്തീറ്റയും തീറ്റക്രമവും (% of ABW) |
|---|---|---|---|
| 3-5 | 34 | 0.8 | 6 |
| 5-25 | 32 | 1.2 | 4 |
| 25-50 | 28 | 1.8 | 3 |
| 50-100 | 28 | 2.5 | 3 |
| 100-200 | 24 | 2.5 | 2 |
| 200-400 | 24 | 4.0 | 2 |

## വിളവെടുപ്പും വിപണനവും

- 10 -ാം മാസം മുതൽ വലിപ്പമേറിയ മത്സ്യങ്ങളെ ഭാഗിക മായി വിളവെടുക്കാം
- വിളവെടുപ്പിന് രണ്ടു ദിവസം മുൻപേ തീറ്റ നൽകുന്നത് നിർത്താവുന്നതാണ്
- 10-12 മാസകാലയളവിൽ ഹെക്ടറിന് 6 മെട്രിക്ടൺ മത്സ്യോല്പാദനം സാധ്യമാകും
- കരിമീൻ വിത്ത് ശേഖരിച്ചും വരുമാനം വർദ്ധിപ്പിക്കാ വുന്നതാണ്.

കേരള സർക്കാർ

## ഫിഷറീസ് വകുപ്പ്

# കരിമീൻ



മത്സ്യകൃഷി ആഹാരത്തിന്

ആദായത്തിന് ആനന്ദത്തിന്

# കുളങ്ങളിലെ കരിമീൻകൃഷി

ഇവയുടെ ശരീരം പരന്നു വീതി കൂടിയതും മാംസളവുമാണ്. തല വീതി കുറഞ്ഞതും താരതമ്യേന കൂർമ്പിച്ചതും ചെറുതുമാണ്. പൊതുവേ പച്ച, കറുപ്പ്, വെള്ള, മഞ്ഞ എന്നിവ ഇടകലർന്ന നിറം. പച്ചയും ചാര നിറവും കലർന്ന കീഴ്മേയിലുള്ള ബാൻഡുകൾക്കിടയിൽ മഞ്ഞ ബാൻഡുകളും ഒപ്പം മുത്തുപോലുള്ള വെള്ള പുള്ളികളുള്ള ഇവയെ കാണാൻ അഴകുള്ളതാക്കുന്നു.

- കേരളത്തിന്റെ സംസ്ഥാന മത്സ്യം
- രുചിയിലും പോഷക മൂല്യത്തിലും മുന്നിൽ
- താരതമ്യേന അടിത്തട്ടിൽ കഴിയുന്ന കരിമീൻ അവിടെ ലഭ്യമാകുന്ന ഒട്ടുമിക്ക സസ്യ-ജന്തു സമുച്ചയങ്ങോളോടൊപ്പം അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന സസ്യങ്ങളുഷടെയും ജന്തുക്കളുടെയും അവശിഷ്ടങ്ങൾ ഭക്ഷിക്കുന്നു.
- 4 –6 ആഴ്ച പ്രായം ആകുന്നതുവരെ മുഖ്യാഹാരം ഫിലമെന്റ് ആൽഗകൾ, വിവിധതരം ലാർവകൾ, ചെറു സസ്യങ്ങൾ എന്നിവയാണ്.
- വളർച്ച പുരോഗമിക്കുന്നതോടെ അടിത്തട്ടിൽ വളരുന്ന വിവിധതരം സസ്യങ്ങൾ പെരിഫൈറ്റോൺ വിവിധ ഇനത്തിൽ പെട്ട ക്രെസ്റ്റേഷ്യനുകൾ, ഫിലമെന്റസ് ആൽഗകൾ, വിവിധതരം വിരകൾ, അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന ജൈവവസ്തുക്കൾ തുടങ്ങിയവ തീറ്റവസ്തുക്കളാക്കുന്നതാണ്.
- പ്രായപൂർത്തിയായ കരിമീൻ വർഷംതോറും രണ്ടോ അതിലധികമോ പ്രാവശ്യം മുട്ടയിടുന്നതാണ്.
- ആദ്യവർഷം ഹെക്ടറിന് ഏകദേശം 1000 കി.ഗ്രാം, 2–ാം വർഷം മുതൽ ശരാശരി 2500 കി.ഗ്രാം നിരക്കിലും വിളവ് പ്രതീക്ഷിക്കാവുന്നതാണ്.
- ആദ്യവർഷം കഴിഞ്ഞാൽ ദൈനംദിനം തന്നെ വിളവെടുപ്പ് തുടരാവുന്നതാണ്
- തീറ്റയുടെ ലഭ്യതയും മറ്റു ചുറ്റുപാടുകളും അനുസരിച്ച് 100–250 ഗ്രാം വരെ ആദ്യ വർഷം വളർച്ച ലഭിക്കുന്നതാണ്.
- ഏകദേശം 80 മില്ലി മീറ്റർ കണ്ണിവലിപ്പമുള്ള ഗിൽനെറ്റ് അഥവാ ഒഴുക്ക് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്താവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതു കൊണ്ട് ആവശ്യമുള്ള വലിപ്പം എത്തിവയെ മാത്രം പിടിക്കാൻ കഴിയുന്നു എന്നതിനോടൊപ്പം വെള്ളം കലങ്ങാൻ ഇടയില്ലാത്തതു കൊണ്ട് മത്സ്യങ്ങൾക്ക് ആരോഗ്യ പ്രശ്നവും ഉണ്ടാകുന്നില്ല.

## കുളം ഒരുക്കൽ

- രണ്ടു മൂന്നു സെന്റെങ്കിലും വിസ്തീർണ്ണമുള്ളതും വേനൽക്കാലത്ത് വറ്റിപോകാത്തതുമായ കുളങ്ങൾ, തോടുകൾ, വയലുകൾ എന്നിവ ഉപയോഗിക്കാം.
- കുളം വറ്റിച്ച് വൃത്തിയാക്കുകയും പുറംചിറ ബലപ്പെടുത്തുകയും വേണം
- ഉപദ്രവകാരികളായ ബുഭുക്ഷു മത്സ്യങ്ങളെയും കള മത്സ്യങ്ങളെയും നീക്കം ചെയ്യേണ്ടത് ആവശ്യമാണ്.
- മഹുവാ പിണ്ണാക്കോ (സെന്റ് 1 ന് ഒരു മീറ്റർ വെള്ളം ഉള്ളപ്പോൾ 10 കി.ഗ്രാം), ബ്ലീച്ചിംഗ് പൗഡറോ ഉപയോഗിക്കാം
- കണ്ണിവീശുവല ഉപയോഗിച്ച് തുടർച്ചയായി വീശിയും കുറയേറെ ബുഭുക്ഷു മത്സ്യങ്ങളെയും കളമത്സ്യങ്ങളെയും നീക്കം ചെയ്യുവാനാകും

## ജലഗുണനിലവാരം

| | |
|---|---|
| താപ നില | 25- 32° C |
| ലവണാംശം | 0-30ppt |
| പി.എച്ച് (PH) | 7.0 – 8.5 |
| സുതാര്യത | 25 – 40 CM |
| ക്ഷാരാംശം | 200-300 ppm |
| പ്രാണവായു | >4.5ppm |